"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - ലാൻഡ് റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസറായ ശ്രീമതി തനുജ വി.പി-യുടെ കേരള കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിലിലെ അക്കൗണ്ടന്റ് തസ്തികയിലെ അന്യത്രസേവനം ദീർഘിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.2570/2024/H&FWD തീയതി,തിരുവനന്തപുരം, 28-10-2024

---

പരാമർശം:-

1. സ.ഉ (കൈ) നം.151/2008/ആ.കു.വ തീയതി 05.05.2008.
2. സ.ഉ (അ) നം.45/2013/ഫിൻ തീയതി 22.01.2013.
3. സ.ഉ (സാധാ) നം.2127/2023/ആ.കു.വ തീയതി 19.08.2023.
4. ലാന്റ് റവന്യൂ കമ്മീഷണറുടെ 04.09.2024 തീയതിയിലെ എൽ.ആർ/8359/2023-എൽ.ആർ (ഇ7) നമ്പർ നിരാക്ഷേപ പത്രം.
5. കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ 05.09.2024 തീയതിയിലെ ബി/90962/23/എൻ.സി നമ്പർ കത്ത്.

**ഉത്തരവ്**

ലാൻഡ് റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസറായ ശ്രീമതി തനുജ വി.പി-ക്ക് കേരള നഴ്സസ് ആന്റ് മിഡൈ്വവ്സ് കൗൺസിലിൽ പരാമർശം (1) പ്രകാരം സർക്കാർ സൃഷ്ടിച്ച അക്കൗണ്ടന്റ് തസ്തികയിൽ പരാമർശം (3) ഉത്തരവ് പ്രകാരം അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷ കാലയളവിലേയ്ക്ക് നിയമനം നൽകിയിരുന്നു. ടി കാലയളവ് 07.09.2024ന് അവസാനിക്കുന്നതിനാൽ പ്രസ്തുത അന്യത്ര സേവനം ദീർഘിപ്പിച്ചു നൽകണമെന്നപേക്ഷിച്ച് ശ്രീമതി തനുജ വി.പി സമർപ്പിച്ച അപേക്ഷ, കെ.എൻ.എം.സി രജിസ്ട്രാർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി തനുജ വി.പി-യുടെ അന്യത്രസേവനം ദീർഘിപ്പിക്കുന്നതിന് 20.07.2024 ന ചേർന്ന കൗൺസിൽ യോഗം ശിപാർശ ചെയ്തിട്ടുള്ളതായി രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അന്യത്രസേവനത്തിൽ തുടരുന്നതിന് സമ്മതം നൽകിക്കൊണ്ട് ടിയാരിയുടെ മാതൃ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച നിരാക്ഷേപ പത്രം ശ്രീമതി തനുജ വി.പി സമർപ്പിച്ചിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ ലാൻഡ് റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസറായ ശ്രീമതി തനൂജ വി.പി.യുടെ കേരള നഴ്സസ് ആന്റ് മിഡ്‌വൈവ്സ് കൗൺസിലെ അക്കൗണ്ടന്റ് തസ്തികയിലെ അന്യത്ര സേവന കാലാവധി, നിലവിലെ ചട്ടങ്ങൾക്കും വ്യവസ്ഥയ്ക്കും വിധേയമായി, 07.09.2024 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.

ശ്രീമതി.തനൂജ വി.പി, വില്ലേജ് ഓഫീസർ, ആലിപ്പറമ്പ് വില്ലേജ്, പെരിന്തൽമണ്ണ, മലപ്പുറം (കെ.എൻ.എം.സി രജിസ്ട്രാർ മുഖേനെ).

കമ്മീഷണർ, ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം, പബ്ലിക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം - 695 033.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 28-10-2024 11:41:52
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യ, വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.